കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മരുതോങ്കര ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി. 6/118/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495 2371012
തീയതി –13.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മരുതോങ്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മരുതോങ്കര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3.കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി6/118/2019 തീയതി – 13.03.2018

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-09-2017 മുതൽ 17-01-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻ വീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.01.2019 മുതൽ 30.01.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ.സതീഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ കരുണാകരൻ എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.എം സതി | 01-4-17മുതൽ 31-03-18വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.പി ചന്ദ്രൻ | 01-04-17മുതൽ 31-03-18 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സന്തോഷ് കുമാർ | 01-04-17 മുതൽ 03-08-2018 വരെ |
| | | ശ്രീ റോബർട്ട്.ടി | 01-09-2017 മുതൽ 31-03-2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ടി.രജിത്ത് | 01-04-2017 മുതൽ 06-06-2017 വരെ |
| | | ഡോ. സനിം വി | 07-06-2017 മുതൽ 13-06-2017വരെ |
| | | ഡോ.ഗ്യാനേന്ദ്രസിംഗ് | 14-06-2017 മുതൽ 16-08-2017 വരെ |
| | | ഡോ.വർഗ്ഗീസ് കെ.ജെ | 17-08-2017 മുതൽ 8-09-2017 വരെ |
| | | ഡോ.രാജേഷ് കെ.സി | 09-09-2017 മുതൽ 01-01-2018 വരെ |
| | | ഡോ.ജ്യോതിസ് വി.പി | 02-01-2018 മുതൽ 31-03-2018 വരെ |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച്.സി) | ഡോ.ഇ.വി ആനന്ദൻ | 01-04-17 മുതൽ 31-03-18 വരെ |
| 4 | മെഡിക്കൽ ഓഫീസർ | ഡോ.അജി കെ.എസ് | 01-04-17 മുതൽ |

| | | | |
|---|---|---|---|
| | | | 11-04-2017 വരെ |
| | (ആയുർവ്വേദ) | ഡോ.ലക്ഷ്മി | 12-04-2017 മുതൽ<br>04-01-2018 വരെ |
| | | ഡോ.ബേബി രസ്ന | 05-01-2018 മുതൽ<br>31-03-2018 വരെ |
| 5 | ഹെഡ് മാസ്റ്റർ | ശ്രീ. വി.സി ശശി | 01-04-17 മുതൽ<br>31-03-18 വരെ |
| 6 | കൃഷി ഓഫീസർ | ശ്രീമതി.ഷാദിയ പി | 01-04-2017 മുതൽ<br>03-08-2017 വരെ |
| | | ശ്രീ.നൌഷാദ് കെ | 04-08-2017 മുതൽ<br>09-11-2017 വരെ |
| | | ശ്രീമതി.രമ്യാ രാജൻ | 10-11-2017 മുതൽ<br>31-03-2018 വരെ |
| 7 | വി ഇ ഒ | ശ്രീ. പ്രീത് കുമാർ | 01-04-2017 മുതൽ<br>31-03-2018 വരെ |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. അംബിക (താത്ക്കാലികം) | 01-04-2017 മുതൽ<br>16-07-2017 വരെ |
| | | ശ്രീ.സാം ജോഷ്വാ | 17-07-2017 മുതൽ<br>31-03-2018 വരെ |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കെ.എൽ രമ | 01-04-2017 മുതൽ<br>05-10-2017 വരെ |
| | | ശ്രീമതി.ദിവ്യ കെ | 06-10-2017 മുതൽ |

| | | | |
|---|---|---|---|
| | | | 15-01-2018 വരെ |
| | | ശ്രീമതി.നീതു വർഗ്ഗീസ് | 16-01-2018 മുതൽ 31-03-2018 വരെ |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ മുഹമ്മദ് നവാസ് | 01-04-2017 മുതൽ 31-03-2018 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്റ്റർ | ശ്രീമതി.ജസിതാ റഹ്മാൻ | 01.04.2017 മുതൽ 31.03.2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23-03-2017 തീയതിയിലെ 35/2017 തീരുമാനപ്രകാരം അംഗീകരിച്ചു.പുതുക്കിയ ബജറ്റ് 20-03-2018 തിയതിയിലെ 15/2018(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 19.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.18 -21.06.18 | കെ.എസ്.എ.കെ.കെ.ഡി/ഇ.2 /1111/2018(39)/16.07.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11916160 |
| വരവ് | 44820931 |

| | |
|---|---|
| ആകെ | 56737091 |
| ചെലവ് | 48311673 |
| നീക്കിയിരിപ്പ് | 8425418 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 12143000 | 12143000 | 9056157 | 3086843 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1447116 | 1447116 | 1124456 | 322660 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 356855 | 356855 | 283909 | 72946 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9165000 | 9165000 | 9121349 | 43651 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2671000 | 2671000 | 1335904 | 1335096 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5616688 | 5616688 | 2509908 | 3106780 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1921959 | 1921959 | 1761513 | 160446 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 45410307 | 45410307 | 45410307 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9282 | 1520153 | 1529435 | 1524016 | 5419 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ‘ടോട്ടൽ സാനിറ്റേഷൻ ക്യാംപെയിൻ | | 634200 | 1897390 | 2531590 | 1082548 | 1449042 |
| ഐ.സി.ഡി.എസ് പദ്ധതി | | 572901 | 782875 | 1355776 | 704893 | 650883 |
| ബി ഫണ്ട് തൊഴിൽ രഹിത വേതനം | | 0 | 79800 | 79800 | 79800 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 0 | 60000 | 60000 | 60000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3620296 | 6788000 | 10408296 | 10636554 | -228258 |

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| തനത് ഫണ്ട് | കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട്- | 6270382 | 9779074 | 16049456 | 9046128 | 7003328 |
| | കനറ ബാങ്ക്-മണൽ | 577433 | 22201 | 599634 | 0 | 599634 |
| | എസ്.ബി.ടി -ഇ പേയ്മെന്റ് | 2205 | 11315 | 13520 | 649 | 12871 |
| മറ്റിനം<br>ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | 400000 | 508000 | 908000 | 858000 | 50000 |

ജനറൽ പർപ്പസ് ഗ്രാന്റ്, ട്രഷറി സ്പെഷ്യൽ ടി.എസ്.ബിജോയിന്റ് വെഞ്ചർ എന്നിവയിൽ ചെലവുൾപ്പെടുത്തിയിരിക്കുന്നത് സർക്കാർ തിരിച്ചെടുത്ത തുക കൂടി ഉൾപ്പെട്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 60986293 | 114 | 29359226 | 15 | 67 | 58 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9282 | 1520153 | 1529435 | 1524016 | 5419 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 45410307 | 45410307 | 45410307 | 0 |
| ആകെ | 9282 | 46930460 | 46939742 | 46934323 | 5419 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 79800 | 158 |
| കർഷകതൊഴിലാളി പെൻഷൻ | 7170100 | 577 |

| | | |
|---|---|---|
| വിധവാപെൻഷൻ | 9423600 | 778 |
| വാർദ്ധക്യകാലപെൻഷൻ | 13208100 | 990 |
| വികലാംഗപെൻഷൻ | 2201800 | 176 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 74000 | 8 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41675/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറിയുടെ 12.08.2016ലെ എ4-10(1)/2016 നമ്പർ ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്.3 പാർട്ട്ടൈം ജീവനക്കാർ ഉൾപ്പെടെ സ്ഥാപനത്തിൽ 17 ജീവനക്കാർ ജോലി ചെയ്തു വരുന്നു. തപാലുകൾ സൂചികയിൽ നിന്നും നമ്പരിട്ട് ലഭിക്കുന്ന മുറയ്ക്ക് സെക്ഷനുകൾക്ക് കൈമാറി നൽകിയിട്ടുണ്ട്.എന്നാൽ 2018 വർഷം ജീവനക്കാർ ആരും തന്നെ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.ആയതിനാൽ ഫയലുകളിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തുവാൻ സാധിക്കാതെ വരുന്നു.

പഞ്ചായത്തിലെ അറ്റൻഡൻസ് രജിസ്റ്റർ,കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. 2017-18 വർഷത്തിന്റെ ആദ്യകാലയളവിൽ ഓഫീസ് മീറ്റിംഗുകൾ എല്ലാ മാസവും കൂടിയിരുന്നില്ലെങ്കിലും നടപ്പു സാമ്പത്തിക വർഷം മീറ്റിംഗുകൾ കൃത്യമായി കൂടുന്നതായി രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നടപ്പിലാക്കാനുണ്ടായിരുന്ന 109 പ്രോജക്ടുകളിൽ 55 എണ്ണം മാത്രമാണ് നടപ്പിലാക്കുവാൻ സാധിച്ചിട്ടുള്ളത്.ആവശ്യമായ ജീവനക്കാരുടെ അഭാവവും അസിസ്റ്റന്റ് എഞ്ചിനിയർക്ക് മറ്റൊരു പഞ്ചായത്തിൽ സ്ഥിരം ചുമതലയും വേറൊരു പഞ്ചാത്തിൽ അധിക ചുമതലയും ഉള്ളത് ഓഡിറ്റിന്റെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1.ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

2.സ്യൂട്ട് രജിസ്റ്റർ

പഞ്ചായത്ത് അത്യാവശ്യമായി സൂക്ഷിക്കേണ്ടതായ സ്യൂട്ട് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും

രേഖപ്പെടുത്തിയിട്ടില്ല.

3.സെക്രട്ടറി,ഹെഡ്മാസ്റ്റർ,അസി.എഞ്ചിനീയർ എന്നിവർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.ഓഡിറ്റ് റിക്കവറി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല.

5.റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-02-2018 | 2018 ജനവരി | Paupba/MRTNKRA /04/2017/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | -- | -- | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു;

1)പഞ്ചായത്തിന്റെ മുന്നിരിപ്പ് , നീക്കിയിരിപ്പ് എന്നിവ പരിശോധിച്ചതിൽ ട്രഷറി VPFA-111-6 ൽ 538624/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും രേഖപ്പെടുത്തിയിരിക്കുന്നു.മേൽ തുകയുടെ ആധികാരികത

ലഭ്യമല്ല. 23.05.2002 ന് ശേഷം പ്രസ്തുത എക്കൌണ്ടിൽ ഇടപാടുകൾ ഒന്നും നടന്നതായി കാണുന്നില്ല.

2)പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ Liability Inrespect of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഇത്തരത്തിൽ 2 ചെക്കുകളിലായി 2500/- രൂപ പ്രസ്തുത ശീർഷകത്തിലേക്ക് മാറ്റാനുണ്ട്.

3)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇനത്തിൽ തൻവർഷം വരവ് ചെലവ് 74000/- രൂപയാണ്.സ്ഥാപനത്തിൽ ലഭ്യമായ കണക്ക് പ്രകാരം ഈയിനത്തിൽ 100400/- രൂപയാണ് വരവ് ചെലവ്.

4) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ/ സംയുക്ത പ്രോജക്റ്റിനുള്ള തുകകൾ എന്നിവ മിക്കതും പഞ്ചായത്ത് തനത് ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.ആയതിന് അപ്രോപ്രിയേഷൻ കൺട്രോൾ

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ വിശദ വിവരം

ലഭ്യമായിട്ടില്ല.

5)മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സുക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 7/2017-18 വരൾച്ച കുടിവെള്ള വിതരണം പ്രോജക്ടിൽ യഥാർത്ഥ ചെലവ് 223000/- രൂപയാണ്. എന്നാൽ ചെലവ് പത്രികയിൽ 23000/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
2.തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 98161 രൂപ പ്രസ്തുത ഹെഡിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബജറ്റ് അപാകതകൾ

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ (G.O(Rt)3291/2016 തീ. 02.12.2016) എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ബജറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. ആയത് പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല.

അപാകതകൾ ചുവടെ ചേർക്കുന്നു.
1. സാംഖ്യ വാർഷിക റിപ്പോർട്ടിലെ ശീർഷകങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ടെങ്കിലും സമഗ്രമല്ല.
2.പദ്ധതി, പദ്ധതിയേതര ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ടിട്ടില്ല.
3. 1994 ലെ പഞ്ചായത്ത് രാജ് നിയമം, ചട്ടം 175 എന്നിവ പ്രകാരം തയ്യാറാക്കുന്ന വികസന പദ്ധതി ചെലവിനങ്ങൾ പൂർണ്ണമായും ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടില്ല.
അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
1. ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് ചട്ടങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.
2. ബജറ്റ് രൂപീകരണ പ്രക്രിയയിലെ വിവിധ ഘട്ടങ്ങളുടെ സമയക്രമപട്ടിക തയ്യാറാക്കി ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതാണ്

### 2-2 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ,അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.ഇപ്രകാരം മുഴുവൻ തൊഴിലുടമകൾക്കും നോട്ടീസ് നൽകിയിട്ടില്ല.

നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്,ഡിമാന്റ് എന്നിവ പ്രകാരം 1124 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2017-18 വർഷത്തിൽ വേക്കൻസി റെമിഷന് അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. അതായത് 1124 കെട്ടിടങ്ങൾ നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കാണാം.എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

പ്രകാരം 117ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. 1007 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ബി) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ , ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് സ്വീകരിച്ച് വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

2. <u>2017-18ൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

(1)ഹൈജീനിക് ഫുഡ് പ്രോഡക്ട്സ് മരുതോങ്കര

(2)യു.എൽ.സി.സി.എസ് വണ്ണാത്തിച്ചിറ

(3)സപ്ലൈകോ മാവേലി സ്റ്റോർ മരുതോങ്കര

(4)അക്ഷയ സെന്റർ മരുതങ്കര(ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല)

(5)അമാന ഹോസ്പിറ്റൽ കുറ്റ്യാടി

(6)കള്ള് ഷാപ്പ് -മരുതോങ്കര,കുറ്റ്യാടി,വണ്ണാത്തിച്ചിറ

(7)കെ.എസ്.എഫ്.ഇ മുള്ളൻകുന്ന്

3. <u>സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. എന്നാൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | റോബിഷ്,സുധീഷ്,റോണി,ഷാജി | എസ്.ആർ പ്രോഡക്ട്സ് അവിൽ നിർമ്മാണ യൂണിറ്റ് | 161/17-18 | 6 |
| 2 | ജിന്റോ കെ മൈക്കിൾ കുന്നിപ്പറമ്പിൽ | അലുമിനിയം ഫേബ്രിക്കേഷൻ | 159/17-18 | 2 |
| 3 | സുഭാഷ് പി പറമ്പത്ത്.മരുതോങ്കര | അമ്പാടി ഹോട്ടൽ | 124/17-18 | 3 |
| 4 | രജനി കടമേരി | നന്മ ഫുഡ് പ്രോഡക്ട്സ്&ഫ്ലോർ | 94/17-18 | 4 |

| | | | | |
|---|---|---|---|---|
| | | മിൽ | | |
| 5 | ശ്രീധരൻ യു.വി | നവരത്ന ഹോട്ടൽ | 86/17-18 | 2 |
| 6 | മിഥുൻ പി<br>പുഷ്പാലയം | വി.എം മോട്ടോഴ്സ് | 70/17-18 | 3 |
| 8 | സഞ്ചയൻ എം.സൌപർണ്ണിക കരിക്കിലാട് | സുരഭി എന്റർപ്രൈസസ് | 47/17-18 | 5 |

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി.സ്റ്റാന്റിംഗ് കമ്മിറ്റി ഒരു ഘട്ടത്തിലും ഇത് സംബന്ധിച്ച അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും,നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) ടെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും ,തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

2) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും ,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

2018-19 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയും ,ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

## **2-3** <u>ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ</u>

2017-18 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ,165 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ

ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 49 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ മാർച്ച് മുതലാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

2)ഡി &ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1124കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ വാണിജ്യ/വ്യാവസായിക കെട്ടിടങ്ങൾ ഉപയോഗിക്കാത്തിനാൽ ഒഴിവായി കിടക്കുന്നതായി കാണിച്ച് നികുതി ഇളവിന് അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. ഓഡിറ്റ് വർഷം 165(228 കെട്ടിടങ്ങളിൽ )പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കെട്ടിടങ്ങളും ലൈസൻസ് എടുക്കാതിരിക്കുമ്പോൾ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക പഞ്ചായത്തിന് നഷ്ടമാകുന്നുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്ന് ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

3)അപേക്ഷകൾ അപൂർണ്ണം

ഡി&ഒ ലൈസൻസ് അപേക്ഷകളിൽ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. ചില ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നത് പോലും രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷം ലൈസൻസ് അനുവദിക്കേണ്ടതാണ്.

4)ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികത ഇല്ല. ഓരോ മാസവും ലഭിക്കുന്ന ലൈസൻസ് അപേക്ഷകൾ പ്രകാരം മാസാടിസ്ഥാനത്തിലാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ ,വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.അനുവദിക്കുന്ന ലൈസൻസ് അപേക്ഷകളിൽ നിന്നും

വിവരങ്ങൾ ശേഖരിച്ചാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത്. 14 വാർഡുകളിൽ നിന്നായി 117 ട്രേഡേഴ്സിന്റെ വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-4 ബിൽഡിങ് പെർമിറ്റ് അപാകതകൾ

2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ, ക്രമവത്കരണ അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2017-18 ൽ ആകെ ലഭിച്ച 195 അപേക്ഷകളിൽ 88 എണ്ണവും ക്രമ വത്കരണത്തിനുള്ളതാണ്.2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 88 കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.
2. കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 സഞ്ചയ സോഫ്റ്റ്‌വെയർ സാങ്കേതിക പ്രശ്നങ്ങൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ഐ.കെ.എം വികസിപ്പിച്ചെടുത്ത സഞ്ചയ സോഫ്റ്റ്‌വെയറിൽ ചുവടെ ചേർത്ത പ്രശ്നങ്ങൾ നിലനില്ക്കുന്നു.

1.കെട്ടിട നികുതി ബാക്ക് അസസ്മെന്റ് നടത്തുമ്പോൾ മുൻവർഷത്തെ ഡിമാന്റുകളിൽ നികുതി വർദ്ധനവ് ഉണ്ടാകുന്നു.

2.ഓഫീസ് ആവശ്യത്തിന് ഉപയോഗക്രമം രേഖപ്പെടുത്തിയ കെട്ടിടങ്ങൾക്ക് പ്യൂരിഫിക്കേഷൻ നടത്തിയതിന് ശേഷം നികുതി ക്രമാതീതമായി വർദ്ധിക്കുന്നു.

3.പി.ഡി പോസ്റ്റ് ഡിമാന്റ് തൻവർഷങ്ങളിൽ ഉണ്ടായിട്ടു പോലും കളക്ഷൻ അഡ്വാൻസായി കാണിക്കുകയും പ്യൂരിഫിക്കേഷൻ നടത്തുമ്പോൾ നികുതി പോസ്റ്റ് ചെയ്തതിൽ തെറ്റുകളുള്ളതായി കാണിക്കുകയും ചെയ്യുന്നു.

4.പ്യൂരിഫിക്കേഷൻ നടത്തിയതിന് ശേഷം കുടിശ്ശിക ഇല്ലാഞ്ഞിട്ടുപോലും വലിയ തുക കുടിശ്ശിക കാണിക്കുന്നു.

5.പ്യൂരിഫിക്കേഷന് ശേഷം മുൻനികുതിയുമായി വലിയ ഏറ്റക്കുറച്ചിലുകൾ കണ്ടു വരുന്നു.ആയത്

ഡിമാന്റുകളെ ബാധിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അനർഹർക്ക് തുക നൽകി

പ്രോജക്ട് നമ്പർ 21/17-18 പ്രകാരം നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ 25 ഗുണഭോക്താക്കൾക്ക് 50000/- രൂപ വിലയുള്ള കന്നുകുട്ടികളെ വാങ്ങി നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ട് വിഹിതം 25% (ബിൽ നം-9/17-18 തുക-312500/-),സംസ്ഥാന വിഹിതം-25%,ഗുണഭോക്തൃ വിഹിതം-50% ഉൾപ്പെടെ ആകെ 1250000/- രൂപയാണ് മൊത്തം അടങ്കൽ ചെലവ് വന്നിട്ടുള്ളത്. 25 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതിൽ താഴെ പറയുന്ന 2 ഗുണഭോക്താക്കൾക്ക് അർഹതയുള്ളതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കുറിപ്പ് |
|---|---|---|
| 1 | ശ്രീമതി പ്രേമ | സർവ്വീസ് പെൻഷണർ ഉൾപ്പെടുന്ന കുടുംബമാണ്. |
| 2 | ശ്രീമതി സുശീല കുമ്പളംകണ്ടി | സൈനികൻ ഉൾപ്പെടുന്ന കുടുംബമാണ്. |

അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും ധനസഹായം ഈടാക്കേണ്ടതുമാണ്.

### 3-2 പെയിൻ &പാലിയേറ്റീവ് പ്രോജക്ട് മരുന്നുകൾ മുഴുവൻ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 87/17-18 പ്രകാരം നടപ്പിലാക്കിയ പെയിൻ & പാലിയേറ്റീവ് പരിപാടിയിൽ 49800/-വകയിരുത്തി മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 14.02.2018 ന് തുക കൈമാറിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായി ലഭിച്ചിട്ടുള്ളത് 32931/- രൂപയുടെ മരുന്നുകൾ മാത്രമാണ്.ബാക്കി 16869/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-3 മുൻകൂറുകൾ തിരികെ ഈടാക്കാതെ അവശേഷിക്കുന്നു.

2017-18 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | നൽകിയ തീയ്യതി | ഇനം | തുക | ആർക്ക് നൽകി |
|---|---|---|---|---|
| 1 | തിയ്യതി വ്യക്തമല്ല.2013-14 ന് മുൻപ് | യാത്രാ ബത്ത | 1000 | സെക്രട്ടറി |

മുൻകൂർ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-4 പ്രേരക്മാർക്ക് നൽകിയ ഹോണറേറിയം തിരികെ ഈടാക്കിയില്ല.

2017-18 വർഷത്തിൽ 3/17 ൽ 1 സാക്ഷരതാ പ്രേരക്കിന് TA ,ഹോണറേറിയം എന്നീ ഇനങ്ങൾക്കായി 12000 /- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക പഞ്ചായത്തിന് തിരികെ ലഭിച്ചതായി കാണുന്നില്ല .സാക്ഷരതാ മിഷനിൽ നിന്ന് യഥാസമയം പ്രേരക്മാർക്ക് തുക ലഭിക്കാതെ വരുമ്പോൾ തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകുകയും ആയതിന്റെ വിവരം സാക്ഷരതാ മിഷനെ അറിയിക്കുന്ന മുറയ്ക്ക് മിഷൻ തുക അനുവദിക്കുകയുമാണ് ചെയ്യാറ്. പ്രേരക്മാർക്ക് നൽകിയ തുകയുടെ വിശദവിവരം സാക്ഷരതാ മിഷനെ അറിയിച്ച് തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 പുതുക്കിയ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല.

2017-18 വർഷത്തെ തനത് ഫണ്ട് പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തി 1.7.2014 മുതൽ 31.1.16 വരെയുള്ള കുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതായി കാണുന്നുണ്ട് . എന്നാൽ 20. 1. 201 6 ലെ ശമ്പള പരിഷ്കരണ ഉത്തരവ് നം - 7/2016(പി) ഫിൻ ഖണ്ഡിക 48 (I) പ്രകാരം ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിഷ്കകർഷിച്ചിട്ടുണ്ടെങ്കിലും ആയത് അടവാക്കിയതായി കാണുന്നില്ല - 1. 4.2013 ന് മുൻപ് സേവനത്തിൽ പ്രവേശിച്ച എല്ലാ ജീവനക്കാരുടെയും ശമ്പളം പുതുക്കിയതിനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 പഞ്ചായത്തിലെ വാഹന ഉപയോഗം-അപാകതകൾ

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ 18-ജെ-2871 നമ്പർ ബൊലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടുകയുണ്ടായി.

1. ജി.ഒ.(എം.എസ്)170/07/ത.സ്വ.ഭ.വ/30.6.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന ആറു മാസത്തിലൊരിക്കൽ നടത്തേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് വക വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന അവസാനമായി നടത്തിയത് 10.08.2016 നാണ്.തുടർന്ന് ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിൻെറ സർട്ടിഫിക്കററ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
2. വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസംതന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-7 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ

1-കിണർ റീചാർജ് -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

പ്രോജക്ട് നം-11/17-18

അടങ്കൽ-180000

ചെലവ്-36000(ബിൽ നം-14/17-18 തിയ്യതി-26-03-2018)

ഗ്രാമപഞ്ചായത്തിൽ തിരഞ്ഞെടുത്ത 6 ഗുണഭോക്താക്കൾക്ക് 6000/- രൂപ നിരക്കിൽ 36000/- രൂപ മേൽ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്) നം-80/2017/ തസ്വഭവ. തിയതി 03.04.2017 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.3 പ്രകാരം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ വീടിന്റെ വിസ്തീർണ്ണം 150 ചതുരശ്ര മീറ്ററിൽ കൂടുവാൻ പാടില്ല. എന്നാൽ ധനസഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

2.ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - അപാകതകൾ

പ്രോജക്ട് നം-243/17-18

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

അടങ്കൽ-240000/-

ചെലവ്-240000(ബിൽ നം-4/17-18 തിയ്യതി-26-03-2018- തുക160000/-

ബിൽ നം-8/17-18 തിയ്യതി-6-03-2018 -തുക 80000/-)

ഗ്രാമപഞ്ചായത്തിൽ തിരഞ്ഞെടുത്ത 2 ഗുണഭോക്താക്കൾക്ക് 120000/- രൂപ നിരക്കിൽ ആകെ 240000/- രൂപ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. സ.ഉ (എം.എസ്) നം-80/2017/തസ്വഭവ. തീയതി 03.04.2017 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.6 പ്രകാരം അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വീടിന്റെ വിസ്തീർണ്ണം60ചതുരശ്ര മീറ്ററിൽ കൂടുവാൻ പാടില്ല. എന്നാൽ ധനസഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ വിസ്തീർണ്ണം സംബന്ധിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ/ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-8 കാർഷിക മേഖലയിലെ പ്രൊജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ

സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 .ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ- 148/17-18

പ്രൊജക്ടിന്റെ പേര് - തരിശുഭൂമിയിൽ ഇടവിള കൃഷി വികസനം

(ഗ്രാമപഞ്ചായത്ത് വിഹിതം)

ചെലവുതുക -100000(ബിൽ നമ്പർ 1/17-18 തി26..17)

മേൽ പ്രൊജക്ടു പ്രകാരം 100000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കുന്നുമ്മൽ ബ്ലോക്ക്

പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2.ഫലവൃക്ഷ തൈ വിതരണം -പ്രൊജക്ട നിബന്ധനകൾ പാലിക്കാതെ തൈകൾ വിതരണം ചെയ്തു.-

പ്രൊ ജക്ട് നമ്പർ- 39/18

വകയിരുത്തിയ തുക - 58140

ചെലവുതുക- 57938(ബിൽ നമ്പർ 8/17-18 തി28/2/18)

മേൽ പ്രൊജക്ട പ്രകാരം 470 ഗുണഭോക്താക്കൾക്ക് ഫല വൃക്ഷതൈകൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.എന്നാൽ വകയിരുത്തിയ തുക വിനിയോഗിച്ച് 150 ഗുണഭോക്താക്കൾക്ക് മാത്രമാണ്V.F.P.C.K.യിൽ നിന്നും വിവിധ ഇനങ്ങളിൽപെട്ട 5 ഇനം തൈകൾ വാങ്ങി വിതരണം ചെയ്തിരിക്കുന്നത്.പ്രൊജക്ട് നിബന്ധനയിൽ നിന്നും വ്യതിചലിച്ച് പ്രൊജക്ട നടപ്പിലാക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

3 ഗ്രൂപ്പ് പച്ചക്കറിക്ക് കൂലി ചെലവ്-പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല.

പ്രൊജക്ട നമ്പർ - 252/17-18

വകയിരുത്തിയ തുക- 48000

ചെലവുതുക- 2800(ബിൽ നമ്പർ10/17-18.തി.28.3.18)

മേൽ പ്രൊജക്ട പ്രകാരം 24 വനിതാ ഗ്രൂപ്പുകൾക്ക് 50 സെന്റ് സ്ഥലത്തു വീതം പച്ചക്കറികൃഷിക്ക് കൂലി ചെലവുതുക നൽകുക എന്നതാണ് പ്രൊജക്ട ലക്ഷ്യമിട്ടിരുന്നത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ 2 ഗ്രൂപ്പുകൾക്ക് മാത്രമെ ആനുകൂല്യമായി 1400 രൂപ വീതം കൈപറ്റിയതായി കാണുന്നുള്ളൂ.പ്രൊജക്ട് ലക്ഷ്യം കൈവരിക്കാതെ ചെലവുതുക നാമമാത്രമായതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

കാർഷിക മേഖലയിലെ പ്രൊജക്ടുകൾ /ബന്ധപ്പെട്ട കൃഷിയും അനുബന്ധ മേഖലയിലെയും വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്തതായി കാണുന്നില്ല. പദ്ധതിനിർവ്വഹണത്തിലെ കാര്യക്ഷമത യഥാസമയം വിലയിരുത്തുന്നതിലെ അഭാവം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

.

## 3-9 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-വകയിരുത്തിയ തുക അപര്യാപ്തം

പദ്ധതിയുടെ പേര്: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം – 69/17-18
അടങ്കൽ : 240000, (പൊതുവിഭാഗം സാധാരണ വിഹിതം)
ചെലവ് : 225900 (ബിൽ നം-12/17-18 തി-24.03.2018)
മരുതോങ്കര ഗ്രാമപഞ്ചായത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയമേൽ പദ്ധതിയിൽ

ഗ്രാമപഞ്ചായത്ത് പരിധിയിലെ 32 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി. 3-4-17 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/17 ത.സ്വ.ഭ.വ. ഖണ്ഡിക 10.3 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത ഇനത്തിൽ പ്രതിമാസം ആയിരം രൂപ വീതവും വസ്ത്രത്തിനും, പഠന സഹായിക്കും, ഉല്ലാസ യാത്രയ്ക്കും വർഷത്തിൽ യഥാക്രമം 1500, 2000, 1000 രൂപയും പരമാവധി സാമ്പത്തിക സഹായം നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചപ്പോൾ സ്കോളർഷിപ്പ് ഇനത്തിലുള്ള തുക മാത്രമാണ് നൽകിയതായി കാണുന്നത്. 2017 ഏപ്രിൽ മുതൽ 2017 ഡിസംബർ വരെ 9 മാസത്തിലേക്കാണ് തുക വിതരണം ചെയ്തിരിക്കുന്നത്. വസ്ത്രത്തിനും, പഠന സഹായിക്കുമായി തുക വിതരണം ചെയ്തിട്ടില്ല.യാത്രാ ബത്തയിനത്തിലും തുക വിതരണം ചെയ്തിട്ടില്ല.
മേൽ വ്യക്തമാക്കിയ സർക്കാർ ഉത്തരവിലെ ഖണ്ഡിക 10.4 പ്രകാരം മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്റ്റ് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുക്കണമെന്നും, പ്രതിമാസ സ്കോളർഷിപ്പ് /ബത്ത എന്നിവ വർഷത്തിൽ 12 മാസവും നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 9 മാസത്തിലേക്ക് മാത്രമാണ് തുക വിതരണം ചെയ്തിട്ടുള്ളത്. ആവശ്യമായ തുക വകയിരുത്താതെയാണ് പ്രോജക്ട് തയ്യാറാക്കിയത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും തുടർ വർഷങ്ങളിൽ മേൽ അപാകത പരിഹരിക്കേണ്ടതുമാണ്.

## 3-10 ആദായ നികുതി ഈടാക്കിയതിൽ കുറവ്

ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം 1.4.2010 മുതൽ കരാർ പ്രവൃത്തികൾക്ക് വ്യക്തികളിൽ നിന്നും 1% മറ്റുള്ളവരിൽ നിന്നും 2% എന്നിങ്ങനെയാണ് ആദായ നികുതി ഈടാക്കേണ്ടത്. എന്നാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ.ഓപ് സൊസൈറ്റി മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവർത്തികൾക്ക് 2%ന് പകരം 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയിരിക്കുന്നത്.

| പ്രവർത്തിയുടെ പേര് | പ്രവർത്തി മൂല്യം | ഈടാക്കേണ്ട I.T | ഈടാക്കിയ I.T | കുറവ് |
|---|---|---|---|---|
| 34/18.ഇല്ലിക്കൽ താഴ സെമിത്തേരി റോഡ് ടാറിംഗ് | 411248<br>ബിൽ നമ്പർ<br>50/17-18 തി28.3.18 | 8224 | 4112 | 4112 |
| 36/18 നീട്ടിക്കൊട്ട വെണ്ടക്കം പൊയിൽ റോഡ് ടാറിംഗ് | 414041(ബിൽ നമ്പർ 49/17-18 തി28.3.18 | 8280 | 4140 | 4140 |
| 33/18 മരുതേരി കിലയിൽ | 273130(ബിൽ നമ്പർ51/17-18 | 5462 | 2731 | 2731 |

| | | | | |
|---|---|---|---|---|
| താഴ റോഡ് ടാറിംഗ് | തി28.3.18 | | | |
| 71/18 വെട്ടോറ കച്ചേരിത്താഴ റോഡ് ടാറിംഗ് | 199852 (ബിൽനമ്പർ52/17-18 തി28.3.18 | 3997 | 1999 | 1998 |
| 42/18 മുണ്ടകുറ്റി കൊറ്റം റോഡ് ടാറിംഗ് | 347936 (ബിൽനമ്പർ53/17-18 തി28.3.18 | 6959 | 3479 | 3480 |
| 48/18 അട്ടക്കത്ത് താമന്തിപ്പാറ ഭാഗം റോഡ് ടാറിംഗ് | 192522 ബിൽനമ്പർ 51/17-18 തി28.3.18 | 3850 | 1925 | 1925 |
| 68/18 എടക്കോട്ടുമ്മൽ അക്വഡേറ്റ് റോഡ് ടാറിംഗ് | 199997 (ബിൽനമ്പർ55/17-18 തി 31.3.18 | 4000 | 2000 | 2000 |
| 57/18 ലക്ഷം വീട് ചരപ്പറമ്പ് റോഡ് ടാറിംഗ് | 359876 ബിൽനമ്പർ47/17-18 തി28.3.18 | 7198 | 3599 | 3599 |
| 61/18 കുവ്വച്ചാൽ കരിപ്പാൽ റോഡ് ടാറിംഗ് | 295350 ബിൽനമ്പർ43/17-18തി28.3.18 | 5908 | 2954 | 2954 |
| ആകെ കുറവ് | | | | 26939 |

ഇൻകം ടാക്സ് തുക കുറവായി ഈടാക്കി അടവാക്കാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല. വർക്കുബില്ലുകളിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കാനുള്ള ഉത്തരവാദിത്വം നിർവഹണ ഉദ്യോഗസ്ഥന് ആണെന്നിരിക്കെ അസി.എഞ്ചിനീയർ ഇക്കാര്യം കുറ്റമറ്റ രീതിയിയിൽ നിർവഹിച്ചതായി കാണുന്നില്ല. കുറവായി ഈടാക്കിയ തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-11 <u>മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കുന്നില്ല.</u>

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ 48 സ്പിൽ ഓവർ പ്രവർത്തികൾ ഉൾപ്പെടെ 109 പ്രൊജക്ടുകളാണ് നടപ്പിലാക്കാനുണ്ടായിരുന്നത്. മേൽ പ്രൊജക്ടുകൾക്കായി മൊത്തം 33291778 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ 55 പ്രൊജക്ടുകൾക്ക് മാത്രമാണ് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിരിക്കുന്നത് (സ്പിൽ ഓവർ34, പുതിയത് 21).പ്രൊജക്ടുകൾക്കായി മൊത്തം 14356698രൂപ 2017-18 ൽ ചെലവഴിച്ചിട്ടുണ്ട്.(ചെലവു ശതമാനം 43) അവശേഷിക്കുന്ന 54 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ ചെലവൊന്നും നടത്തിയിട്ടില്ല.വികസന ഫണ്ട്, ലോകബാങ്ക് സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ,മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ 29541770 രൂപ വകയിരുത്തിയതിൽ 14063866 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. വകയിരുത്തിയ തുക ചെലവഴിക്കപ്പെടാത്തതിനാൽ 15477904 രൂപ മേൽ ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്. 14 സ്പിൽ

ഓവർ പ്രവൃത്തികൾക്ക് ഓഡിറ്റ് വർഷം തുകയൊന്നും ചെലവഴിക്കപ്പെടാത്തതിനാൽ ജി.ഒ.എം.എസ് നമ്പർ 72/17 തി29.3.17 ഖണ്ഡിക6.8 പ്രകാരം തുടർ സാമ്പത്തിക വർഷത്തിൽ ഈ പ്രൊജക്ടുകൾക്കായി തുക വകയിരുത്താൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ട് നിർവഹണം കാര്യക്ഷമമായിരുന്നിട്ടും മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ സർക്കാരിൽ നിന്നും വിവിധ ഫണ്ടിനങ്ങളിൽ ലഭിച്ച നല്ലൊരു ശതമാനം തുക സർക്കാരിലേക്ക് തന്നെ തിരികെ പോയിരിക്കയാണ്. പ്രൊജക്ടുകളുടെ ബാഹുല്യവും,പഞ്ചായത്തിന് മാത്രമായി ഒരു നിർവഹണ ഉദ്യോഗസ്ഥന്റെയും അനുബന്ധ ജീവനക്കാരുടെയും അഭാവവും മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തെ ബാധിച്ചിട്ടുണ്ട്. പ്രൊജക്ടുകളുടെ എണ്ണം പരിമിതപ്പെടുത്തി പ്രൊജക്ടുകൾക്ക് വകയിരുത്തുന്ന തുക വർദ്ധിപ്പിച്ച് ഈ അപാകത പരിഹരിക്കാവുന്നതാണ്.

## 3-12 <u>മരാമത്ത് പ്രവർത്തികളുടെ ഫയൽ സൂക്ഷിപ്പിൽ അപാകത</u>

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചീനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കരാറുകാരന് പ്രവർത്തിയുടെ സെലക്ഷൻ നോട്ടീസ് അയക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

2) പ്രവർത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

3)പ്രവർത്തികളുടെ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

4) ഏതാനും പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

ഉദാ. കച്ചേരിത്താഴ അംഗൻവാടി വൈദ്യുതീകരണം.

5) പ്രവർത്തികളിൽ ചിലതിന്റെ വർക്ക് ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ഉദാ- മൊയ് ലോത്തറ ജി.എൽ.പി. സ്കൂൾ സ്മാർട്ട് ക്ലാസ് റൂം വയറിംഗ്.

കക്കടാരം-ചാരപറമ്പത്ത് റോഡ് മെറ്റലിംഗ്& ടാറിംഗ്.

6) VAT ,IT, K.C.W.W.F എന്നിവ അടവാക്കിയതിന്റെ വിവരം മിക്കഫയലുകളിലും ലഭ്യമല്ല.

ഫയൽ സൂക്ഷിക്കുന്നതിലെ അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-13 <u>എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി- ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തു.</u>

പ്രൊജക്ടനമ്പർ - 225/18

വകയിരുത്തിയ തുക - 300000

ചെലവുതുക - 250000(ബിൽ നമ്പർ 3/17-18 തി16.8.17 -150000

7/17-18 തി17.3.18 100000)

2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച മേൽ പ്രൊജക്ട പ്രകാരം 5.എസ്.സി ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.സാധാ നമ്പർ 626/2016 ത.സ്വ,ഭ.വ തി.15.2.16 പ്രകാരം നിലവിലുള്ള വീട് 800 ചതുരശ്ര

അടിയിൽ താഴെ വിസ്തീർണമുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ പഠനമുറിക്കുള്ള ധനസഹായത്തിന് അർഹതയുള്ളൂ.എന്നാൽ ഗുണഭോക്താക്കൾ വീടിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കിയതല്ലാതെ വീടിന്റെ തറവിസ്തീർണം കാണിക്കുന്ന രേഖകളൊന്നും പരിശോധക്കായി ഹാജരാക്കിയിട്ടില്ല. മേൽ നിബന്ധന പരിശോധിക്കപ്പെടാതെ എപ്രകാരം ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമല്ല. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട പട്ടിക ജാതി വികസന വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ ഇക്കാര്യം പരിശോധിച്ചതായി കാണുന്നില്ല. രേഖയുടെ അഭാവത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-14 പ്ലാസ്റ്റിക്ക് മെറ്റീരിയൽ റിക്കവറി സെന്റർ– ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുക പൂർണമായും വിനിയോഗിച്ചില്ല.

പ്രൊജക്ട് നമ്പർ - 238/17-18

വകയിരുത്തിയ തുക -- 1200000

ചെലവുതുക – 1200000(ബിൽ നമ്പർ 15/17-18 തീ12.3.18)

മേൽ പ്രൊജക്ട് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ 1000000 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 200000 രൂപയും പിൻവലിച്ച് കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന് മേൽ പ്രൊജക്ട് നടപ്പാക്കാനായി കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ വിനിയോഗ വിവരം സാക്ഷ്യപത്രത്തിൽ (ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയതിൽ) കേന്ദ്രാവിഷ്കൃതവിഹിതമായി അടവാക്കിയ 10 ലക്ഷം രൂപയിൽ 982943 രൂപയും ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിൽ അടവാക്കിയ 2 ലക്ഷം രൂപയിൽ 109079 രൂപയും വിനിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.രണ്ടിനങ്ങളിലുമായി 107978 രൂപ ഇനിയും വിനിയോഗിക്കാതെ ബ്ലോക്ക് പഞ്ചായത്തിൽ അവശേഷിക്കുന്നുണ്ട്.ബ്ലോക്ക്തല പ്ലാസ്റ്റിക്ക് റിക്കവറി കേന്ദ്രത്തിന്റെ പ്രവർത്തി പൂർത്തീകരിച്ചോ എന്ന വിവരം ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ച പക്ഷം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതും അല്ലാത്തപക്ഷം അവശേഷിക്കുന്ന തുകയുടെ വിനിയോഗ വിവരം കൂടി പരിശേധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-15 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. S.S.A. വിനിയോഗ വിവരം ലഭ്യമാക്കിയില്ല.-

പ്രൊജക്ടു നമ്പർ 20/17-18

വകയിരുത്തിയ തുക- 400000

ചെലവുതുക- 400000 (ബിൽ നമ്പർ 1/17-18 തീ27.7.17)

മേൽ പ്രൊജക്ടു പ്രകാരം 400000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസർ S.S.A.കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധക്ക് ഹാജരാക്കേണ്ടതാണ്.ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

2. ഗവ.എൽ.പി സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം -ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ - 147/18

വകയിരുത്തിയ തുക – 9350000

ചെലവുതുക - 345920 (ബിൽനമ്പർ. 5/17-18 തി28.3.18 , 8/17-18 തി 28.3.18)

മേൽ പ്രൊജക്ട് പ്രകാരം 345920 രൂപ പിൻവലിച്ച് പഞ്ചായത്ത് പരിധിയിലുള്ള നാല് എൽ. പി സ്കൂൾ ഹെഡ്മാസ്റ്റർ മാർക്ക്താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

ജി.എൽ.പി സ്കൂൾ മൊയ്യോത്തറ – 75280

മരുതോങ്കര ഗ.വ.എൽ പി.സ്കൂൾ – 98830

ഗ.വ. എൽ പി.സ്കൂൾ മണ്ണൂർ – 79510

ഗ.വ എൽ പി. സ്കൂൾ കോതോട് – 92300

ആകെ – 345920

തുക ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതികൾ ഹാജരാക്കിയതല്ലാതെ ചെലവു തുകയുടെ വിശദ വിവരങ്ങളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക 345920 രൂപ തടസ്സത്തിൽ വെക്കുന്നു.

3. തുല്യതാ പഠിതാക്കൾക്ക് കോഴ്സ് ഫീസ് - കൈപറ്റ് രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല.

തുല്യതാ പഠിതാക്കൾക്കുള്ള കോഴ്സ് ഫീസ് ഇനത്തിൽ 2 പ്രൊജക്ടു കളിലായി 158250 രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ പിൻവലിച്ച് ജില്ലാ സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽനമ്പർ/തിയ്യതി |
|---|---|---|---|
| 228/18.പത്താം തരം തുല്യതാ പഠിതാക്കൾക്കുള്ള കോഴ്സ് ഫീസ് | 135000 | 134850 | 4/17-18 തി28.3.18 |
| 229/18 പ്ലസ് വൺ തുല്യതാ പഠിതാക്കൾക്ക് കോഴ്സ് ഫീസ് | 23400 | 23400 | 6/17-18 തി28.3.18 |

മേൽ തുക പിൻവലിച്ച രേഖകളല്ലാതെ ഓരോ പ്രൊജക്ടിലും ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ വിശദവിവരം, കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക 158250 രൂപതടസ്സത്തിൽ വെക്കുന്നു

4. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിശദവിവരം ഹാജരാക്കിയില്ല.

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി പട്ടികജാതി /പട്ടിക വർഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായി രണ്ട് പ്രൊജക്ടുകൾ പ്രകാരം 131945 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രൊജക്ട നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|
| 230/18 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | 133925 | 107956 | 2/17-18 തി25.1.18 |
| 231/18 എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | 29999 | 23989 | 7/17-18 തി28.3.18 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പ്രൊജക്ടിൽ 27 സ്റ്റീൽ ടേബിളും കസേരയും , പട്ടിക വർഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പ്രൊജക്ടിൽ 6പേർക്ക് സ്റ്റീൽ ടേബിളും കസേരയും കാഡ്കോ മുഖേന വാങ്ങിയിട്ടുണ്ട്. പട്ടിക ജാതിക്കാർക്കായി വാങ്ങിയ 27 എണ്ണത്തിൽ 15 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിട്ടുള്ളു. പ്രൊജക്ട കളുടെ ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കൾ സ്കൂളുകളിൽ പഠിക്കുന്നതിന്റെ രേഖകൾ, പട്ടികജാതി /പട്ടിക വർഗ വകുപ്പിൽ നിന്നോ ,മറ്റ് ഏജൻസികളിൽ നിന്നോ ആനുകൂല്യം കൈപറ്റിയിട്ടില്ല എന്ന് കാണിക്കുന്ന രേഖകൾ എന്നിവപരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അവശേഷിക്കുന്ന 12 ഫർണീച്ചറുകൾ വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയോ ബന്ധപ്പെട്ട വിദ്യാഭ്യാസം-സംസ്കാരം-കലാകായികം വർക്കിംഗ് ഗ്രൂപ്പോ മോണിറ്റർ ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി കാണുന്നില്ല.ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക തടസ്സത്തിൽ വെക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-16 എസ്.എൽ.ഐ പ്രീമിയം ഈടാക്കിയതിൽ കുറവ്.

സർക്കാർ ഉത്തരവ് നം.(പി) 149/16 ഫിൻ തീ.04/10/2016 പ്രകാരം 01/01/2017 പ്രാബല്യത്തിൽ സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് പ്രീമിയം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.റോബർട്ട് ടി, അസിസ്റ്റന്റ് സെക്രട്ടറിയുടെ 2018 ഡിസംബർ മാസത്തെ ശമ്പള ബിൽ പരിശോധിച്ചതിൽ പ്രീമിയം അടവാക്കുന്നത് കുറവ് കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

അടിസ്ഥാന ശമ്പളം - 38500

| | കുറവു ചെയ്യേണ്ട തുക | കുറവ് ചെയ്തത് | വ്യത്യാസം |
|---|---|---|---|
| സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് പ്രീമിയം | 500 | 300 | 200 |

പ്രീമിയം തുക വർദ്ധിപ്പിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പുതുക്കിയ പോളിസി എടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-17 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

നിരാലംബരും നിരാശ്രയരും ഭൗതിക ജീവസാഹചര്യങ്ങൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങളെ ആശ്രയ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ഇവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക്

ഉയർത്തികൊണ്ടുവരിക എന്നതാണ് ഈ പ്രൊജക്ട് ലക്ഷ്യമിടുന്നത്. ആശ്രയ ഒന്നാം ഘട്ട പദ്ധതിയിൽ 28 കുടുംബങ്ങളും,പട്ടിക വർഗ ആശ്രയ പദ്ധതിയിൽ 50 കുടുംബങ്ങളുമാണ് ഉണ്ടായിരുന്നത്. 2011 ൽ നടത്തിയ പുന:പരിശോധനയിൽ ജീവിത നിലവാരം മെച്ചപ്പെട്ടവരെ ഒഴിവാക്കി 18 കുടുംബങ്ങൾക്ക് തുടർസേവനം ആവശ്യമുണ്ടെന്ന് കണ്ടെത്തി. പട്ടിക വർഗ ആശ്രയപദ്ധതി പുന:പരിശോധന നടത്തിയതായി കാണുന്നില്ല. ഒന്നാംഘട്ടത്തിൽ ഉൾപ്പെടാതെ വന്ന മുഴുവൻ അഗതികളെയും ഉൾപ്പെടുത്തിയാണ് ആശ്രയ പദ്ധതി 2ാം ഘട്ടം ആരംഭിച്ചിരിക്കുന്നത്. 2014 ൽ ആരംഭിച്ച് 2017 ൽ അവസാനിക്കേണ്ട മേൽ പ്രൊജക്ട് പ്രകാരം 124 ആശ്രയ കുടുംബങ്ങളെയാണ് കണ്ടെത്തിയിരിക്കുന്നത്. പരിശോധനയിൽ അടിസ്ഥാന ജീവനോപാധികൾ ആവശ്യമുള്ള ഗുണഭോക്താക്കളിൽ എത്രപേർക്ക് ആയത് ലഭ്യമായി എന്നവിവരം പഞ്ചായത്തിലോ, കുടുംബശ്രീയിലോ ലഭ്യമല്ല. ആശ്രയ ഗുണഭോക്താക്കളായി സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയ ഏക പ്രൊജക്ടാണ് ആശ്രയ ഭവനപദ്ധതി . 250000 രൂപ വകയിരുത്തിയ മേൽ പ്രൊജക്ടിന് തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ആശ്രയ ഗുണഭോക്താക്കൾക്കായി കുടുംബശ്രീ മുഖേന നടപ്പിലാക്കിയ പ്രവർത്തനം ആശ്രയ കുടുംബങ്ങൾക്കുള്ള ഭക്ഷണ വിതരണംമാത്രമാണ്. ഒന്നാംഘട്ടതുടർ പരിചരണം ആവശ്യമുള്ളതിൽ 16 പേർ ഉൾപ്പെടെ ആശ്രയ ജനറൽ വിഭാഗത്തിൽ 135 പേർക്കും, പട്ടിക വർഗ ആശ്രയ പദ്ധതിയിൽപെട്ട 45 പേർക്കും മാവേലി സ്റ്റോർ വഴി ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുതിന് സാമ്പത്തിക വർഷത്തിൽ 224128 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ പട്ടിക വർഗത്തിൽ പെട്ട ആശ്രയകുടുംബങ്ങൾക്ക് 67114 രൂപ ചെലവഴിച്ച് ഓണക്കോടിയും സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. എസ്.ടി ആശ്രയ പ്രൊജക്ട് ചലഞ്ച് ഫണ്ട് ഇനത്തിൽ 31.3.18 ന് അക്കൗണ്ടിൽ 890575 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആശ്രയ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ഉതകുന്ന നടപടികൾ കൈക്കൊള്ളേതാണ്.

## 3-18 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആകെ 3824 കുടുംബങ്ങളിലായി 7379 പേർ തൊഴിൽ കാർഡ് എടുത്തിട്ടുണ്ട്. ആയതിൽ 106 എസ്.ടി. കുടുംബങ്ങളും, 211 എസ്.സി.കുടുംബങ്ങളും ഉൾപ്പെടുന്നു. സാമ്പത്തിക വർഷത്തിൽ3247 കുടുംബങ്ങളിൽ നിന്നായി 4052 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്കുതന്നെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് . 2017-18 വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം 425 പ്രവൃത്തികളിലായി 239465 തൊഴിൽ ദിനങ്ങൾക്ക് 87965000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 293 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 187648 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്ക് തൊഴിലാളികളുടെ കൂലി ഇനത്തിൽ 47337048 രൂപചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 904 കുടുംബങ്ങൾക്ക് 100 തൊഴിൽദിനം ലഭ്യമായിട്ടുണ്ട്. നടപ്പിലാക്കിയ പ്രവർത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവർത്തികളാണ്. മെറ്റീരിയൽ പ്രവർത്തികളായി 32 എണ്ണം സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയതിൽ 108200 രൂപ മാത്രമേ തൻവർഷത്തിൽ ചെലവുവന്നിട്ടുള്ളൂ. അവശേഷിക്കുന്ന തുക 2018-19 സാമ്പത്തിക വർഷത്തിലാണ് ചെലവഴിച്ചിരിക്കുന്നത്.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിലാളികളുടെ കൂലി ആഴ്ചയിൽ/രണ്ടാഴ്ചക്കുള്ളിൽ നിർബന്ധമായും നൽകേണ്ടതാണെങ്കിലും സാമ്പത്തിക വർഷത്തെ ഒറ്റ പ്രവർത്തികൾക്കും നിശ്ചിത സമയ പരിധിക്കകം വേതന വിതരണം നടത്തിയതായികാണുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | മൂപ്പറ്റക്കുഴി അംഗൻവാടി നിർമ്മാണം | 0 | 400000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 533/2010 /തസ്വഭവ /18-02-2010 | 10228500/- | 593550 | 593550 | ഇല്ല | ഇല്ല |

•

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 200460 |
| തൻവർഷം നിക്ഷേപിച്ച തുക | 18036 |
| ആകെ | 218496 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 218496 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക്-കുറ്റ്യാടി | 218496 |
| ആകെ | 218496 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 98161/-രൂപയുടെ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക നം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തിയ്യതി |
|---|---|---|---|---|
| 2014-15 | 3-1 | 32720 | ശ്രീ.ചന്ദ്രൻ.കെ റിട്ട.സെക്രട്ടറി | 11602100892-23-07-2017 |
| 2014-15 | 3-1 | 32720 | ശ്രീ.അനി ഐസക്.അസി. എൻജിനീയർ | 11602100893-23-07-2017 |
| 2014-15 | 3-1 | 32721 | ശ്രീ.പി.എം ഗോപിനാഥ് അസി.എക്സി.എൻജിനീയർ | 11602100894-23-07-2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1997-98 | 36 | 2003-04 | 11.7 പൊതു പരാമർശങ്ങൾ | മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയില്ല |
| 1998-99 ചെലവ് | 19 | 2003-04 | 11.1 പൊതു പരാമർശങ്ങൾ | എഗ്ഗർ നഴ്സറി യൂണിറ്റ് പൂർത്തിയാക്കിയില്ല |
| | 30 | | | വനിതാ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| | 32 | | | ബുക്ക് ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| | 35 | | | നാളീകേര കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചില്ല |
| 1999-00 | 28 | | 11.7 | കയറുൽപ്പന്ന നിർമ്മാണ പരിശീലനം |
| | 32 | | | വീട് ഓട്ടു മേയൽ ചെലവ് വിവരം ലഭ്യമല്ല |
| 2000-01 ഡി.സി.ബി | 1.6 | 2005-06 | 11.7 പൊതു പരാമർശങ്ങൾ | രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് |
| | 2.1 | | | ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല |

## 4-8 തീർപ്പാക്കാനവശേഷിക്കുന്ന ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44820931 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48311673 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1286115 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 250000 | ശ്രീ.റോബർട്ട് ടി അസിസ്റ്റന്റ് സെക്രട്ടറി |
| 3-15-1 | 400000 | ശ്രീ.വി.സി ശശി ഹെഡ്മാസ്റ്റർ |
| 3-15-2 | 345920 | ശ്രീ.വി.സി ശശി ഹെഡ്മാസ്റ്റർ |
| 3-15-3 | 158250 | ശ്രീ.വി.സി ശശി ഹെഡ്മാസ്റ്റർ |
| 3-15-4 | 131945 | ശ്രീ.വി.സി ശശി ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-10 | 26939 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ റോബർട്ട് ടി<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>മരുതോങ്കര ഗ്രാമപഞ്ചായത്ത് | മാതാ നിവാസ്.ചാരുവിള<br>കുടയാൽ പി.ഒ വെള്ളറട<br>തിരുവനന്തപുരം |
| ശ്രീ വി.സി ശശി<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ<br>വടക്കുമ്പാട് | ശാദ്വലം.എരവട്ടൂർ പി.ഒ<br>കോഴിക്കോട് ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(1) dt. 13.02.2013 | 1 | 27 |
| 1997-98 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/720/03dt. 14.11.2003 | 8 | 17,19,30,32,34, 35,40,41 |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(2) dt.13.02.13 | 8 | 17,19,30,32,34, 35,40,41 |

| | | | |
|---|---|---|---|
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/721/03 dt. 01.09.05 | 6 | 11, 12(2), 12(3),18,22,28 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി6/1920/11(11) dt. 24.07.2012 | 7 | 25,26,28,29, 31,32,33 |
| 2000-01 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/1920/12(12) dt.24.07.2012 | 4 | 1-6,2-1,3-2, 3-4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1181/03 dt. 01.09.2005 | 2 | 3-2,3-4 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1182/03 dt. 19.08.2005 | 7 | 8,9,10,11,12 |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 dt. 31.03.2009 | 3 | 3-2,3-3,4-1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 dt. 31.03.2009 | 11 | (2-1(1),2-1(2), 2-2,3-1,3-2, 3-3,3-4,3-5, 3-6,3-7(ബി),4-1 |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി6/1156(1)/09 dt. 20.05.2010 | 12 | 3-1,3-2,3-3,<br>3-4,3-5,3-6(1,2)<br>3-7,3-8,3-9,<br>3-10,3-11,4-1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി. പി6/1156(2)/09 dt. 20.05.2010 | 11 | 3-1(1), 3-1(2), 3-1(3), 3-1(4), 3 B,C, D(1), 3-2, 3-3 , 3-4, 3-1 D (2), 4-7 ഇ |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി6/1156(3)/09 dt. 21.05.2010 | 10 | 2-2,3-1,3-2,3-3,3-4,3-5<br>, 3-6,3-7,3-8,4-1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി6/75/11 dt. 08.06.2011 | 22 | (2-1,2-6 മുതൽ 2-12<br>വരെ,3-1 മുതൽ 3-6 വരെ,3-7(1-4) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി6/1136/12 dt. 28.04.2012 | 16 | 2-1,2-4,2-5,3-2,3-3,3-4,<br>3-5,3-6,3-9,3-10,3-11,3-12,<br>3-13,3-15,3-18,3-19 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി6/1531(1)/12 dt. 01.11.2012 | 14 | 1-2,2-1,3-1മുതൽ3-4 വരെ,<br>3-6,3-8,3-9,3-10 മുതൽ<br>3-14 വരെ |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. പി6/1531(2)/12 dt.15.04.2013 | 23 | (1-1,1-2,2-1(1,2,3,4),<br>2-1(ബി,സി,ഡി),2-2,<br>2-3,2-4,2-5,3-1എ,ബി),<br>3-3,3-4,3-6,3-8,3-10,3-11<br>3-12,3-13,3-14,<br>3-15,3-16,3-17,3-18,3-19(1,2) |

| | | | |
|---|---|---|---|
| | | | 3-20 |
| 2010-11 &11-12 | എൽ.എഫ്.കെ.കെ.ഡി. പി6/273/13 dt. 25.11.2013 | 26 | (1-5,1-6,2-1(ബി,സി), 2-2(എ-1,2,3,4),2-2(ബി-1,2,3) 2-3,3-1,3-2, 3-4 മുതൽ 3-13 വരെ, 3-14(എ,ബി)3-15,3-16,3-17 3-18,3-19) |
| 2012-13 &13-14 | എൽ.എഫ്.കെ.കെ.ഡി. പി6/16/15 dt. 18.02.2015 | 13 | 2-1,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-10,3-12,3-13 3-14, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി6/1945/2018 dt.22.10.2018 | 17 | 2-1,2-2(1,2),2-3,3-1 മുതൽ 3-7 വരെ,3-10മുതൽ 3-14 വരെ, 4-3) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി6/678/2017 തി.03.06.2017 | 13 | 2-1,2-2,3-1മുതൽ 3-8 വരെ 3-12,3-13,3-17) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി .പി6/12/2018 തി.16.02.2018 | 15 | 2-1,2-2(3),2-3(2),2-3(4,5) ,2-4,2-5,3-1(1,2,3), 3-2,3-8,3-9,3-10,3-12) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ.കെ.കെ.ഡി. പി6/118/19 തിയതി: 13.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്